**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2246** **14-10-2024 - ൽ മറുപടിയ്ക്ക്**

**എക്സൈസ് റേഞ്ച് ഓഫീസ് അനുവദിക്കുന്ന നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | എക്സൈസ് സർക്കിൾ ഓഫീസ് ഉണ്ടായിട്ടും റേഞ്ച് ഓഫീസ് ഇല്ലെന്ന അസാധാരണ സാഹചര്യമാണ് പുനലൂരിൽ നിലവിലുള്ളത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിരോധിത ലഹരി വസ്തുക്കളും പുകയില ഉൽപന്നങ്ങളും തമിഴ്നാടുമായി അതിർത്തി പങ്കിടുന്ന പട്ടണം എന്ന നിലയിൽ ദേശീയ പാത വഴിയും, ട്രെയിൻ മാർഗവും പുനലൂരിൽ എത്തിയതിനുശേഷം ആണ് ജില്ലയിലേക്കും സമീപ ജില്ലകളിലേക്കും എത്തുന്നത് എന്നതിനാൽ ഇവിടെ എക്സൈസ് റേഞ്ച് ഓഫീസ് അനുവദിക്കുന്നതിന് നടപടി എടുക്കുമോ; ആയതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (എ) | അധികാരപരിധി വലുതായ എക്സൈസ് റേഞ്ച് ഓഫീസുകൾ വിഭജിച്ച് പുതിയതായി 37 എക്സൈസ് റേഞ്ച് ഓഫീസുകൾ 3 ഘട്ടമായി രൂപീകരിക്കുന്നതിനായി എക്സൈസ് വകുപ്പിൽ നിന്നും സർക്കാരിലേയ്ക്ക് ശിപാർശ സമർപ്പിക്കുകയുണ്ടായതിൽ നിലവിലുള്ള എക്സൈസ് റേഞ്ച് ഓഫീസുകളെ വിഭജിച്ച് പുതിയ റേഞ്ച് ഓഫീസുകൾ രൂപീകരിക്കുന്ന ശിപാർശ പരിഗണിക്കുന്നത് സംസ്ഥാനത്തിന്റെ ധനസ്ഥിതി അനുവദിക്കുന്നില്ലെന്നും ശിപാർശയിലെ ഒന്നാം ഘട്ടത്തിൽ രൂപീകരിക്കുവാൻ ശിപാർശ ചെയ്ത പുതിയ റേഞ്ചുകൾ രൂപീകരിക്കുന്ന വിഷയം 2023-24 സാമ്പത്തിക വർഷം പരിഗണിക്കാവുന്നതാണെന്നും ആയതിനായി പുതിയ ശിപാർശ സമർപ്പിക്കേണ്ടതാണെന്നും എക്സൈസ് കമ്മീഷണറെ അറിയിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ആദ്യ ഘട്ടമായി എക്സൈസ് വകുപ്പിൽ ആരംഭിക്കാൻ ഉദ്ദേശിച്ചിരുന്ന 16 എക്സൈസ് റേഞ്ച് ഓഫീസുകളുടെ കൂട്ടത്തിൽ ബഹു.പുനലൂർ എം.എൽ.എ ശ്രീ.പി.എസ്.സുപാൽ അവർകളുടെ നിവേദനം പരിഗണിച്ച് കൊല്ലം ജില്ലയിലെ അഞ്ചൽ റേഞ്ച് വിഭജിച്ച് പുനലൂർ എക്സൈസ് റേഞ്ച് ഓഫീസ് കൂടി ഉൾപ്പെടുത്തി 17 എക്സൈസ് റേഞ്ച് ഓഫീസുകൾ പുതുതായി രൂപീകരിക്കുവാനുള്ള ശിപാർശ പരിശോധിക്കുകയും, സംസ്ഥാനത്തിന്റെ നിലവിലെ മോശം സാമ്പത്തിക പരിതസ്ഥിതിയിൽ 26 തസ്തികകൾ വീതം പുതുതായി സൃഷ്ടിച്ച കൊണ്ട് പുതിയ റെയ്ഞ്ചുകൾ അനുവദിക്കാനാകാത്തതിനാൽ വകുപ്പിൽ നിലവിലുള്ള തസ്തികകൾ പുനർവിന്യാസ ത്തിലൂടെ ഉപയോഗപ്പെടുത്തിയും, സർക്കാർ നയത്തിന്റെ ഭാഗമായി സൃഷ്ടിച്ച വനിതാ എക്സൈസ് ഗാർഡ് തസ്തികകൾ, ആദിവാസി യുവാക്കളെ |

| | | | |
|---|---|---|---|
| | | | നിയമിക്കുന്നതിന് വേണ്ടി സൃഷ്ടിച്ച തസ്തികകൾ എന്നിവ പുതിയ റേഞ്ചുകൾക്ക് വേണ്ടി ഉപയോഗപ്പെടുത്തിയിട്ടില്ല എന്നതിനാൽ അത്തരത്തിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള എണ്ണം തസ്തികകളും മറ്റ് വിഭാഗങ്ങളിൽ നിന്നും കണ്ടെത്താൻ കഴിയുന്ന തസ്തികകളും ഉപയോഗപ്പെടുത്തിയും കൂടാതെ റെയ്ഞ്ച് ഓഫീസുകളും സർക്കിൾ ഓഫീസുകളും ഒരേ സ്ഥലത്ത് പ്രവർത്തിക്കുന്നു എങ്കിൽ രണ്ട് ഓഫീസുകൾക്കും പൊതുവായി ഉപയോഗിക്കാൻ കഴിയുന്ന തസ്തികകൾ പൊതുവായി ഉപയോഗിച്ച് (ഉദാ-sentry, കോടതി duty) man power savings കണ്ടെത്തിയും പുതിയ റെയ്ഞ്ചുകൾ സ്ഥാപിക്കുന്നതിന് പരമാവധി കണ്ടെത്താൻ കഴിയുന്ന തസ്തികകൾ കണ്ടെത്തി വൈജ്ഞാനിക ഭരണ നിർവഹണത്തിന്റെ ഭാഗമായി തസ്തികകൾ പുന:ക്രമീകരിക്കുന്നതിനു രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയുടെ പ്രവർത്തനം സംബന്ധിച്ച തൽസ്ഥിതി റിപ്പോർട്ടും സഹിതം പ്രൊപ്പോസൽ ലഭ്യമാക്കുവാൻ എക്സൈസ് കമ്മീഷണർക്ക് നിർദേശം നൽകിയിട്ടുണ്ട്. |
| (ബി) | തമിഴ്നാട് അതിർത്തിയിലെ ആര്യങ്കാവ് കോട്ടവാസൽ ഭാഗത്ത് എക്സൈസിന്റെയും പോലീസിന്റെയും സംയുക്ത ചെക്പോസ്റ്റ് സ്ഥാപിക്കുമെന്ന പ്രഖ്യാപനത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ; പ്രസ്തുത ചെക്ക് പോസ്റ്റ് ആരംഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (ബി) | തമിഴ്നാടുമായി അതിർത്തി പങ്കിടുന്ന അച്ചൻകോവിൽ, ആര്യങ്കാവ് എന്നീ രണ്ട് ചെക്പോസ്റ്റുകൾ കൊല്ലം ജില്ലയിൽ നിലവിലുണ്ട്. |
| (സി) | കേരളം-തമിഴ്നാട് അതിർത്തിയിൽ സ്ഥിതിചെയ്യുന്ന ആര്യങ്കാവ് എക്സൈസ് ചെക്പോസ്റ്റിൽ നിലവിൽ എന്തൊക്കെ സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത് എന്ന് വിശദമാക്കാമോ; സ്കാനർ അടക്കം ആധുനികമായ പരിശോധനാ സംവിധാനങ്ങൾ, ശാസ്ത്രീയ പരിശോധന സാമഗ്രികൾ,അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഒരുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇവിടെ ഒരുക്കേണ്ട സൗകര്യങ്ങളെ സംബന്ധിച്ച റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (സി) | ആര്യങ്കാവ് എക്സൈസ് ചെക്പോസ്റ്റിൽ കണ്ടെയ്നർ മൊഡ്യൂൾ സ്ഥാപിച്ചിട്ടുള്ളതും തത്സമയ നിരീക്ഷണത്തിനായി സി.സി.ടി.വി, ക്യാമറ സംവിധാനം സ്ഥാപിച്ചിട്ടുള്ളതുമാണ്. കൂടാതെ റിഫ്ലക്ടീവ് ജാക്കറ്റ്, ട്രാഫിക് കോൺ, സിഗ്നൽ ലൈറ്റ് ബാറ്റൺ, എമർജൻസി ലാംപ്, ടോർച്ച്, ഡിജിറ്റൽ സൈൻ ബോർഡ്, കുട, റെയ്ൻ കോട്ട് എന്നീ വാഹനപരിശോധനയ്ക്ക് ഉതകുന്ന തരത്തിലുള്ള ഉപകരണങ്ങളും ആര്യങ്കാവ് എക്സൈസ് ചെക്പോസ്റ്റിലേക്ക് വാങ്ങി നൽകിയിട്ടുള്ളതാണ്. ആര്യങ്കാവ് ഉൾപ്പെടെയുള്ള എക്സൈസ് ചെക്പോസ്റ്റുകളുടെ നവീകരണത്തിനായി ആധുനിക ഡിജിറ്റൽ സ്കാനർ, ANPR ക്യാമറ, ഇലക്ട്രിക് സ്കൂട്ടറുകൾ, ഡിജിറ്റൽ വീഡിയോ ക്യാമറ എന്നിവ വാങ്ങി നൽകുന്നതിലേയ്ക്കായുള്ള എക്സൈസ് കമ്മീഷണറുടെ പ്രൊപ്പോസൽ പരിശോധിച്ച് വരുന്നു. |
| (ഡി) | പുനലൂർ മണ്ഡലത്തിൽ നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എക്സൈസ് വകുപ്പ് അനുവദിച്ച വിവിധ പ്രവർത്തികളുടെ/പദ്ധതികളുടെ | (ഡി) | പുനലൂർ മണ്ഡലത്തിൽ നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എക്സൈസ് വകുപ്പ് അനുവദിച്ച വിവിധ പ്രവർത്തികളുടെ/പദ്ധതികളുടെ |

| | | | |
|---|---|---|---|
| | വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഓരോ പ്രവൃത്തിയുടെ പേരും, അനുവദിച്ച തുകയും, പദ്ധതി നിർവഹണ ഏജൻസിയുടെ വിവരങ്ങളും ലഭ്യമാക്കാമോ; | | വിശദാംശങ്ങൾ വർഷം തിരിച്ച് അനുബന്ധമായി ചേർക്കുന്നു. |
| (ഇ) | മുൻ സർക്കാരിന്റെ കാലയളവിൽ അനുവദിച്ചതും, എന്നാൽ 2021 മാർച്ചിനു മുൻപ് പൂർത്തിയാക്കാൻ കഴിയാത്തതുമായ വിവിധ പ്രവൃത്തികളുടെ / പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഇ) | തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിൽ 3,25,00,000/- രൂപ ചെലവിൽ ഡിജിറ്റൽ വയർലസ് സിസ്റ്റം അനുവദിച്ചിട്ടുള്ളതും കൊല്ലം ജില്ലയിൽ ആയത് 2022 സെപ്റ്റംബർ മാസം 93,12,202/- രൂപ ചെലവിൽ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| **വർഷം** | **പദ്ധതിയുടെ പേര്** | **അനുവദിച്ച തുക** | **പദ്ധതി നിർവഹണ ഏജൻസി** |
|---|---|---|---|
| 2021 | റെസിഡൻസ് അസോസിയേഷനുമായി ചേർന്നു വിമുക്തി ബോധവൽക്കരണം | 26,400/- | എക്സൈസ് |
| | കുടുംബശ്രീ | 4,000/- | അഞ്ചൽ പഞ്ചയത്തുമായിചേർന്ന് |
| 2022 | സ്വയരക്ഷ പദ്ധതി പെൺകുട്ടികൾക്ക് | 4,000/- | എക്സൈസ് |
| | കായികലഹരി (ടർഫിൽ ഗെയിം സംഘടിപ്പിക്കുന്നതിന് ) | 3,000/- | എക്സൈസ് |
| | ആന്റി നാർകോട്ടിക് പ്രോഗ്രാം | 10,000/- | മുനിസിപാലിറ്റി, റെസിഡൻസ് അസോസിയേഷൻ എന്നിവരുമായി ചേർന്ന് |
| | ടീം വിമുക്തി | 40,000/- | സ്കൂളുകളുമായി ചേർന്ന് |
| | No to drug പ്രോഗ്രാം | 5,395/- | എക്സൈസ് |
| | മെഡിക്കൽ ക്യാമ്പ് ആദിവാസി മേഖലയിൽ | 6,000/- | എക്സൈസ് |
| 2023 | നിയോജക മണ്ഡലത്തിൽ വൺ ഡേ ക്യാമ്പ് | 6,500/- | എക്സൈസ് |
| | വിമുക്തി ക്വിസ് | 860/- | എക്സൈസ് |
| | ചുവർ ചിത്ര രചന | 2,250/- | എക്സൈസ് |
| | വിമുക്തി ടീം | 40,000/- | എക്സൈസ് |
| | പി.എസ്.സി കോച്ചിങ് ആദിവാസി മേഖലയിൽ | 1,50,000/- | എക്സൈസ് |
| | ടീം വിമുക്തി Challenge Accepted | 7,500/- | എക്സൈസ് |
| 2024 | ക്വിസ് മത്സരം | 2,500/- | എക്സൈസ് |
| | സംവാദ സദസ് | 1,800/- | എക്സൈസ് |
| | പി. എസ് . സി കോച്ചിങ് ആദിവാസി മേഖലയിൽ | 1,24,400/- | എക്സൈസ് |
| ആകെ | | 4,34,605/- | |